**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.282 | 04.06.2018 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താലൂക്ക് ആശുപത്രികളിലെ ഭൗതിക സാഹചര്യവും സേവനവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള ആശുപത്രികളെ കിഫ്ബി ഉൾപ്പെടുത്തി മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചില സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടികൾ നടന്നു വരുന്നുണ്ട്. ഇതിനു പുറമേ ആരോഗ്യ വകുപ്പിന്റെ സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എം.പി., എം.എൽ.എ, തദ്ദേശ സ്വയംഭരണം തുടങ്ങിയ ധന സ്രോതസ്സ് വഴിയും അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി ഒ.പി.വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കാൻ ഉള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.<br><br>2017-18-ൽ താലൂക്ക് ആശുപത്രികളുടെ ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കാനായി 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ധനകാര്യ വകുപ്പ് ഈ ഫണ്ട് ഇ-ലാപ്സിൽ ഉൾപ്പെടുത്തുകയുണ്ടായി. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്. 2018-19-ലേക്ക് 14 താലൂക്ക് ആശുപത്രികളെ കൂടി തെരഞ്ഞെടുത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഈ |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിനായി 17.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 14 താലൂക്ക് തല ആശുപത്രികൾക്കു കൂടി വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടി എൻ.എച്ച്.എം. വഴി ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗം ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരും സ്പെഷ്യലിസ്റ്റുകളും പാരാമെഡിക്കൽ ജീവനക്കാരും അടക്കം 891 തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. ഈ ആശുപത്രികളിലേക്ക് ആവശ്യമായ അധിക ആശുപത്രി ഉപകരണങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴി ലഭ്യമാക്കി വരികയും ചെയ്യുന്നു. |
| (ബി) | എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകളും കാത്ത് ലാബുകളും ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ആയത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2018-2019 സാമ്പത്തിക വർഷത്തിലേക്ക് പ്രധാന താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി മുഖേന താലൂക്ക് ആശുപത്രി, നെടുങ്ങോലം, താലൂക്ക് ആശുപത്രി, ഹരിപ്പാട്, താലൂക്ക് ആശുപത്രി, വർക്കല, താലൂക്ക് ആശുപത്രി കട്ടപ്പന, താലൂക്ക് ആശുപത്രി, അടിമാലി, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ താലൂക്ക് ആശുപത്രികളിൽ കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | നിലവിൽ ഈ സൗകര്യങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (സി) | 2017-2018 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി മുഖേന താലൂക്ക് ആശുപത്രി നെടുങ്ങോലം, താലൂക്ക് ആശുപത്രി, ഹരിപ്പാട്, താലൂക്ക് ആശുപത്രി, വർക്കല, താലൂക്ക് ആശുപത്രി, കട്ടപ്പന, താലൂക്ക് ആശുപത്രി, അടിമാലി, താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019 ഓട്ടുകൂടി പൂർത്തീകരിക്കുന്നതായിരിക്കും. മുൻപുണ്ടായിരുന്ന 43 ഡയാലിസിസ് സെന്ററുകൾ കൂടാതെ കിഫ്ബി മുഖേന |

ഇപ്പോൾ മൂന്ന് സെന്ററുകളും സംസ്ഥാനത്ത് ആകെ ജനസംഖ്യയുടെ 5-7 ശതമാനം പേർ ക്രോണിക് കിഡ്നി ഡിസീസ് ഉള്ളവരാണ്. അനിയന്ത്രിതമായ ഡയബെറ്റിസ്, രക്താതിമർദ്ദം എന്നിവയാണ് പ്രധാന കാരണം. ക്രോണിക് കിഡ്നി ഡിസ്സിസ് ഉള്ളവരിൽ 0.5 മുതൽ 0.6 ശതമാനം പേർക്ക് എൻഡ് സ്റ്റേജ് റീനൽ ഡിസീസ് എന്ന അവസ്ഥ ഉണ്ടാകുന്നു. എന്റ് സ്റ്റേജ് റീനൽ ഡിസീസ് ആയി കഴിഞ്ഞാൽ കിഡ്നി മാറ്റി വയ്ക്കേണ്ടതാണ് വേണ്ട ചികിത്സ. എന്നാൽ അനുയോജ്യമായ കിഡ്നി ലഭിക്കാത്തത് കൊണ്ടും സാമ്പത്തിക പരാധീനതകൊണ്ടും ഇവരിൽ അധികം പേർക്കും ഡയാലിസിസ് എന്ന ചികിത്സാരീതി നേരിടേണ്ടി വരുന്നു. ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയാലിസിസ് സെന്ററുകൾ മുഖേന 2994 പേർക്ക് ഡയാലിസിസ് ചികിത്സ ലഭിച്ചു വരുന്നു.

| ക്രമ നം. | സ്ഥാപനം | കിഫ്ബി | പഴയത് | ആകെ |
|---|---|---|---|---|
| 1 | ജനറൽ ആശുപത്രി | 3 | 9 | 12 |
| 2 | ജില്ലാ ആശുപത്രി | 5 | 11 | 16 |
| 3 | താലൂക്ക് ആശുപത്രി | 35 | 18 | 53 |
| 4 | സി.എച്ച്.സെന്റർ | - | 3 | 3 |
| 5 | പി.എച്ച്.സെന്റർ | - | 1 | 1 |
| 6 | മറ്റുള്ളവ | 1 | 2 | 2 |
| | ആകെ | 44 | 44 | 87 |

നിലവിൽ 2994 രോഗികൾക്കാണ് ഡയാലിസിസ് സേവനം നൽകി വരുന്നത്. ഒരു എന്റ് സ്റ്റേജ് റീനൽ ഡിസ്സീസ് രോഗിക്ക് രണ്ട് മുതൽ ആറ് വരെ ഡയാലിസിസ് ആഴ്ചയിൽ വേണ്ടി വരുന്നു. ഇപ്പോൾ ഇത്തരം 12561 ഡയാലിസിസ് നൽകാൻ സാധിക്കുന്നു. 49 ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കുന്നതോടെ 6000 പേർക്ക് ഡയാലിസിസ് നൽകാൻ

സാധിക്കും. സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ (നെഫ്രോളജിസ്റ്റ്) ലഭ്യതയുള്ളതുകൊണ്ട് ഇപ്പോൾ Accute Kidney Injury ക്ക് ജനറൽ ആശുപത്രി, തിരുവനന്തപുരത്ത് ഡയാലിസിസ് നൽകുവാൻ സാധിക്കുന്നുണ്ട്.

Non Communicable disease നിയന്ത്രണത്തിന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ തലത്തിൽ തന്നെ ഡയബെറ്റിസ്, ഹൈപ്പർ ടെൻഷൻ എന്നീ രോഗങ്ങൾ നേരത്തെതന്നെ കണ്ടുപിടിക്കാൻ സാധിക്കുകവഴി ഇവർ ക്രോണിക് കിഡ്നി ഡിസീസ് എന്ന അവസ്ഥയിൽ എത്തുന്നത് തടയാൻ സാധിക്കുന്നതാണ്.

ഇപ്പോൾ നെഫ്രോളജിസ്റ്റിന്റെ തസ്തികകൾ ജനറൽ ആശുപത്രി, തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ ഓരോന്ന് വീതം സൃഷ്ടിച്ചിട്ടുണ്ട്. Sepsis Viper Snake bite എലിപ്പനി എന്നിവ മൂലമുള്ള Accute Kidney Injury എന്നീ അവസ്ഥകൾക്കുള്ള ഡയാലിസിസും ജില്ലാ ആശുപത്രി തലത്തിൽ നൽകാൻ സാധിക്കുന്നുണ്ട്.

ഇതു കൂടാതെ വിവിധ ആശുപത്രികളിലായി 68 ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

കിഫ്ബി മുഖാന്തിരം ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി തൃശ്ശൂർ, ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016-2017 ലെ പ്ലാൻ ഫണ്ട് ഉൾപ്പെടുത്തി കോഴിക്കോട് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങാൻ നടപടി ആരംഭിച്ചിട്ടുണ്ട്. 2017-2018 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മാനന്തവാടി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങാൻ പദ്ധതിയുണ്ട്. ഈ രണ്ട്

| | | | |
|---|---|---|---|
| | | | പദ്ധതികളും പ്രാരംഭ ദിശയിലാണ്. ഇത് കൂടാതെ കിഫ്ബി മുഖാന്തിരം 8 ജില്ലാ ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019 ഓടെ ഈ സ്ഥാപനങ്ങളിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് വൃക്കരോഗികളുടെയും ഹൃദ്രോഗികളുടെയും എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും കാത്ത് ലാബുകളും സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | ഡയാലിസിസ് യൂണിറ്റ് ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ